# പതിനാലാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

| നക്ഷത്ര ചിഹ്നമിടാത്ത<br>ചോദ്യം നമ്പർ 4417 | | 25.06.2019-ൽ<br>മറുപടിക്ക് | |
|---|---|---|---|
| **ഉദുമ സബ് രജിസ്ട്രാർ ഓഫീസിന് കെട്ടിടം** | | | |
| **ചോദ്യം** | | **ഉത്തരം** | |
| **ശ്രീ.കെ.കുഞ്ഞിരാമൻ** | | **ശ്രീ.ജി.സുധാകരൻ<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി)** | |
| എ) | കാസർഗോഡ് ജില്ലയിലെ ഉദുമ സബ് രജിസ്ട്രാർ ഓഫീസിന് സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിന് കിഫ്ബി മുഖേന എത്ര തുക അനുവദിച്ചിട്ടുണ്ട്; വിശദാംശങ്ങൾ അറിയിക്കാമോ; | എ) | 1.062 കോടി രൂപ 03.07.2018 ന് കിഫ്ബിയിൽ നിന്നും അനുവദിച്ചിട്ടുണ്ട്. |
| ബി) | പ്രദേശത്തെ സ്വകാര്യ വ്യക്തി സൗജന്യമായി വിട്ടുനൽകിയ സ്ഥലത്ത് കെട്ടിട നിർമ്മാണം തുടങ്ങുന്നതിന് എന്തെങ്കിലും തടസ്സമുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം അറിയിക്കാമോ; | ബി) | ഉദുമ സബ് രജിസ്ട്രാർ ഓഫീസിന് സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിന് 10 സെന്റ് വസ്തു പ്രദേശത്തെ സ്വകാര്യ വ്യക്തി ദാനമായി നൽകിയിട്ടുണ്ട്. ടി വസ്തു 0.0171 ഹെക്ടർ തോട്ടവും 0.0247 ഹെക്ടർ നഞ്ചയും ഉൾപ്പെട്ട ഒറ്റപ്ലോട്ടാണ്. ഡാറ്റാബാങ്കിൽ ഉൾപ്പെട്ടിട്ടില്ലാത്ത നഞ്ച വിഭാഗത്തിൽപ്പെടുന്ന ഭൂമിയുടെ പരിവർത്തനാനുമതിക്കായുള്ള അപേക്ഷ സർക്കാരിന്റെ പരിഗണനയിലാണ്. |
| സി) | തടസ്സങ്ങൾ നീക്കി കെട്ടിടം പണി ആരംഭിക്കാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കാമോ? | സി) | നഞ്ച വിഭാഗത്തിൽപ്പെട്ട ഭൂമി ഒഴിവാക്കി ബാക്കിയുള്ള 0.0171 ഹെക്ടർ (ഏകദേശം 4 സെന്റ്) സ്ഥലത്ത് കെട്ടിടം നിർമ്മിക്കാൻ തീരുമാനിച്ച് തുടർനടപടികൾ സ്വീകരിക്കുന്നതിന് നിർമ്മാണ ഏജൻസിയായ കേരള സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ